KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 18.05.2024

## സർക്കുലർ 21/2024 (BD)

വിഷയം : സ്വർണ്ണപ്പണയ വായ്പാ പദ്ധതി പരിഷ്കരിക്കുന്നത് സംബന്ധിച്ച്.

സൂചന : 1.14.05.2024 ലെ 578-മത് ബോർഡ് യോഗത്തിലെ 10231 നമ്പർ തീരുമാനം.
2.സർക്കുലർ നമ്പർ 5/2024(BD) തിയ്യതി 17.01.2024
3. സർക്കുലർ നമ്പർ 15/2024(BD) തിയ്യതി 09.04.2024

സ്വർണ്ണപ്പണയ വായ്പകൾ സ്ഥാപനത്തിന്റെ പലിശവരുമാനത്തിന്റെ പ്രധാന സ്രോതസുകളിലൊന്നായി തുടരുകയാണ്. അടുത്തിടെയായി സ്വർണ്ണ വിലയിൽ ഉണ്ടാകുന്ന വർദ്ധനവും നാം ഈ വായ്പാ പദ്ധതിയ്ക്കായി നൽകുന്ന വിവിധ പ്രോത്സാഹന രീതികളും മൂലം നല്ല വർദ്ധനയാണ് നമുക്ക് സ്വർണ്ണപ്പണയ ബിസിനസ്സിൽ ഉണ്ടായിരിക്കുന്നത്. മുൻ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ സ്വർണ്ണപ്പണയ വായ്പയിന്മേൽ 1000 കോടി രൂപയുടെ (20%)വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ, 42000 പുതിയ വായ്പാ അക്കൗണ്ടുകളാണ് ഇത്തരത്തിൽ ചുരുങ്ങിയ സമയം കൊണ്ട് വർദ്ധിച്ചത്. അതേസമയം സ്വർണ്ണ വായ്പാപദ്ധതികളുടെ പുരോഗതി നാം സസൂക്ഷ്മം നിരീക്ഷിച്ചു വരികയായിരുന്നു. വിപണിയിലുണ്ടായിരിക്കുന്ന മാറ്റങ്ങളും മറ്റും കണക്കിലെടുത്തുകൊണ്ട് വായ്പാ പദ്ധതികളിലും പലിശ നിരക്കിലും ചില അനുയോജ്യമായ പരിഷ്കരണങ്ങൾ നടപ്പിലാക്കാൻ ഭരണസമിതിയുടെ സൂചന യോഗം തീരുമാനിച്ചിരിക്കുകയാണ്. **നിലവിലുള്ള കെ.എസ്.എഫ്.ഇ. മാക്സ് ഗോൾഡ് ലോൺ പദ്ധതി 18.05.2024 തിയ്യതി വരെ മാത്രം നിലനിൽക്കുന്നതാണ്. അതുപോലെ പ്രീമിയം ഗോൾഡ് ലോൺ എന്ന നാമകരണത്തിൽ മറ്റൊരു പുതിയ പദ്ധതി 20.05.2024 മുതൽ നിലവിൽ വരികയുമാണ്.**

**പുതിയ പദ്ധതിയുടെ സവിശേഷതകൾ**

1. വായ്പാ പദ്ധതിയുടെ പേര് : **കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോൺ**
2. വായ്പാ കാലാവധി : **3 മാസം**
3. പദ്ധതി ആരംഭിക്കുന്ന തിയ്യതി : **20.05.2024**
4. അനുവദിക്കാവുന്ന പരമാവധി വായ്പാ തുക : **മാർക്കറ്റ് വിലയുടെ 85%**
5. വാർഷിക പലിശ നിരക്ക് : **9.90%**
6. 916/ HUID ആഭരണങ്ങൾ (22 കാരറ്റ്) മാത്രമാണ് കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോണിന് പണയമായി പരിഗണിക്കുക.
7. കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോണിന്റെ പലിശ മാസം തോറും അടയ്ക്കേണ്ടതാണ്. അത്തരത്തിൽ പലിശ തീർത്ത് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ താഴെ പറയുന്ന രീതിയിൽ അധിക പലിശ ഈടാക്കുന്നതാണ്.

| | | |
|---|---|---|
| പ്രീമിയം ഗോൾഡ് ലോണിന്റെ പലിശ തീർത്ത് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അടിസ്ഥാന നിരക്കിൽ നിന്നും ഈടാക്കുന്ന **അധിക പലിശ** നിരക്ക് | ഒരു മാസം വരെ | 9.90% (നിരക്കിൽ മാറ്റമില്ല) |
| | ഒരു മാസത്തിന് മുകളിൽ രണ്ട് മാസം വരെ | 0.5% |
| | രണ്ട് മാസത്തിന് മുകളിൽ മൂന്ന് മാസം വരെ | 1.0% |
| | മൂന്ന് മാസത്തിനു ശേഷം | 1.5% |

8. കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോണിന്റെ കാലാവധിയായ മൂന്ന് മാസം കഴിഞ്ഞിട്ടും തിരിച്ചെടുക്കാത്ത അക്കൗണ്ടുകളിലെ സ്വർണ്ണാഭരണങ്ങൾ നിർബന്ധമായും ലേലം ചെയ്തോ, Contract Sale വഴിയോ വില്പന നടത്തി അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്.

9. കെ.എസ്.എഫ്.ഇ. പവർ ആപ്പ് മുഖാന്തിരം കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോണിന്റെ പലിശ അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഈ വിവരം ഉപഭോക്താക്കളെ അറിയിക്കേണ്ടതാണ്.

10. സ്വർണ്ണപ്പണയ വായ്പയുമായി ബന്ധപ്പെട്ട് പൊതുവായി നിലവിലുള്ള മറ്റ് നിബന്ധനകളെല്ലാം കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോണിനും ബാധകമാണ്.

സ്വർണ്ണപ്പണയ വായ്പയിൽ 10000 കോടി രൂപ എന്ന ലക്ഷ്യം കൈവരിക്കുന്നതിനോടൊപ്പം എല്ലാ ശാഖകൾക്കും സ്വർണ്ണപ്പണയ വായ്പയുടെ വാർഷിക ലക്ഷ്യം നേടുന്നതിനുകൂടി കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോൺ പദ്ധതി സഹായകരമാകുന്ന രീതിയിൽ എല്ലാ ജീവനക്കാരും ഉയർന്നു പ്രവർത്തിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:**എല്ലാ ശാഖാ തലവൻമാർക്കും**
പകർപ്പ്:

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv. | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും | v. | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും | vi. | സർക്കുലർ ഫയൽ |